# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4977 – 04/07/2012-ലെ മറുപടിക്ക്**

സംരംഭക മിഷൻ വായ്പയ്ക്കുള്ള നടപടിക്രമങ്ങൾ

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.എം.പി.വിൻസെന്റ് :** | | **ശ്രീ.കെ.എം.മാണി**<br>**ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി** |
| (എ) | സംസ്ഥാന സംരംഭക മിഷന്റെ വായ്പയ്ക്കുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണ് ; | 21-നും 40-നും ഇടയ്ക്ക് പ്രായമുള്ള, തൊഴിൽ രഹിതരായ, മികച്ച ആശയങ്ങളുള്ള, വ്യവസായം നടത്തി മുൻപരിചയമില്ലാത്ത യുവതീയുവാക്കളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. എന്നാൽ, വിധവകൾക്ക് 45 വയസ്സുവരെ അപേക്ഷിക്കാം. പ്ലസ് ടു, വൊക്കേഷണൽ കോഴ്സുകളാണ് യോഗ്യത. 2 മുതൽ 5 വരെ പേർ അടങ്ങിയ ഗ്രൂപ്പുകളായി ആണ് അപേക്ഷിക്കേണ്ടത്. സാങ്കേതികവിദഗ്ദ്ധർക്ക് ഒറ്റയ്ക്കും അപേക്ഷിക്കാം. അതാത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിലാണ് അപേക്ഷകൾ സമർപ്പിക്കേണ്ടത്. വിദഗ്ദ്ധർ അടങ്ങുന്ന ജില്ലാതല സെലക്ഷൻ കമ്മിറ്റി എല്ലാ ജില്ലാ കേന്ദ്രങ്ങളിലും അപേക്ഷകരുമായി അഭിമുഖം നടത്തുകയും ഇതിൽ തെരഞ്ഞെടുക്കപ്പെടുന്നവർക്ക് നാല് ആഴ്ച (4) നീണ്ടു നിൽക്കുന്ന പരിശീലനം നൽകുകയും ചെയ്യുന്നു. വിജയകരമായി പരിശീലനം പൂർത്തിയാക്കുന്നവർക്കായിരിക്കും വായ്പയ്ക്ക് അർഹത. പരിശീലനം |

| | | |
|---|---|---|
| | | പൂർത്തിയാക്കിയ ഗ്രൂപ്പുകൾ, വായ്പയ്ക്കുള്ള അപേക്ഷ കെ.എഫ്.സി.യുടെ അതാത് ജില്ലാ ബ്രാഞ്ചുകളിൽ സമർപ്പിക്കണം. ഇവ കെ.എഫ്.സി, ബാങ്കുകളിൽ സമർപ്പിക്കുകയും, ബാങ്കിൽ നിന്നും വായ്പ ലഭ്യമാക്കുകയും ചെയ്യും. |
| (ബി) | ഈ വായ്പ നൽകുന്നതിനുള്ള പ്രധാന മാനദണ്ഡങ്ങൾ എന്തെല്ലാം ? | അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

## നക്ഷത്രചിഹ്നമിടാത്ത 4977-ാം നമ്പർ നിയമസഭാ ചോദ്യത്തിന്റെ (ബി) പിരിവിനുള്ള മറുപടിയോടൊപ്പമുള്ള അനുബന്ധം

### യോഗ്യതാ മാനദണ്ഡങ്ങൾ

വിദ്യാസമ്പന്നരും തൊഴിൽരഹിതരും വ്യവസായം നടത്തി മുൻപരിചയം ഇല്ലാത്തവരുമായ യുവാക്കൾക്കുവേണ്ടിയുള്ളതാണ് ഈ പദ്ധതി. താഴെപ്പറയുന്ന മാനദണ്ഡങ്ങളുള്ള സംരംഭക കൂട്ടങ്ങൾക്ക് ഈ പദ്ധതിയിൽ അപേക്ഷിക്കാവുന്നതാണ്.

- അഞ്ച് സംരംഭകർ ചേർന്നാണ് സംരംഭം തുടങ്ങേണ്ടത്. എന്നാൽ വളരെ നല്ല സംരംഭമാണെങ്കിൽ രണ്ട് അംഗങ്ങൾ വരെയുള്ള ചെറിയ ഗ്രൂപ്പുകളേയും പരിഗണിക്കും. ടെക്നോക്രാറ്റുകൾക്ക് ഒറ്റയ്ക്കും അപേക്ഷിക്കാം.
- സംരംഭകർ തുടങ്ങാൻ ഉദ്ദേശിക്കുന്ന സംരംഭം മുൻകൂട്ടി തീരുമാനിച്ചിരിക്കേണ്ടതും ആ സംരംഭം സംരംഭകരിൽ ഒരാളെങ്കിലും താമസിക്കുന്ന തദ്ദേശത്താവണം തുടങ്ങേണ്ടത്.
- സംരംഭകർ തുടങ്ങുന്ന വ്യവസായം സാങ്കേതികമായും സാമ്പത്തികമായും വാണിജ്യപരമായും വിജയിക്കുന്നതിന് ആവശ്യമായ അടിസ്ഥാനസൗകര്യം ലഭ്യമായുള്ള സ്ഥലത്താകണം.
- സംരംഭകർക്ക് സ്വന്തം ഭൂമിയിലോ പാട്ടത്തിനോ വാടകയ്ക്കോ എടുത്ത കെട്ടിടത്തിലോ/വസ്തുക്കളിലോ വ്യവസായം തുടങ്ങാവുന്നതാണ്. വ്യവസായത്തിന്റെ ആവശ്യത്തിനനുസരണം സ്ഥലം ഉണ്ടായിരിക്കേണ്ടതാണ്. സ്വന്തം ഭൂമിയാണെങ്കിൽ കുറഞ്ഞത് 1000 sq.ft. (ഏകദേശം 1 ആർ) ഉണ്ടായിരിക്കേണ്ടതും, അത് സംരംഭകർ ചേർന്നുണ്ടാക്കുന്ന പാർട്ട്ണർഷിപ്പിന്റെ പേരിൽ മാറ്റുകയോ വകയിരുത്തുകയോ ചെയ്യേണ്ടതാണ്.
- സംരംഭകർ പരസ്പരധാരണ ഉള്ളവരും ഒരു പാർട്ണർഷിപ്പ് ഉണ്ടാക്കുവാൻ സന്നദ്ധരുമായിരിക്കണം.
- സംരംഭകരാരും വ്യവസായം നടത്തി മുൻപരിചയം ഉള്ളവരാകരുത്.
- രജിസ്ട്രേഷൻ നടക്കുന്ന ദിനത്തിൽ, എല്ലാ സംരംഭകരുടേയും പ്രായം 21-നും 40-നും ഇടയിലായിരിക്കണം. വിധവകൾക്ക് 45 വയസ്സുവരെ അപേക്ഷിക്കാം. വിധവകൾക്ക് മുൻഗണന നൽകുന്നതാണ്.
- എല്ലാ സംരംഭകരും പ്ലസ്ടു അല്ലെങ്കിൽ സർക്കാർ അംഗീകരിച്ച വൊക്കേഷണൽ കോഴ്സ് പാസ്സായിരിക്കണം.
- എല്ലാ സംരംഭകരുടെ പക്കലും തിരിച്ചറിയൽ രേഖകൾ (KYC Norms) ഉണ്ടായിരിക്കണം. ഇവ ആവശ്യപ്പെടുന്ന മുറയ്ക്ക് ലഭ്യമാക്കേണ്ടതാണ്.
- ഒരു സംരംഭകൻ ഈ പദ്ധതിയിൽ ഒരു ഗ്രൂപ്പിൽ മാത്രമേ അംഗമാകാൻ പാടുള്ളൂ.
- എല്ലാ സംരംഭകരും സ്ഥിരം ജോലി ഇല്ലാത്തവരായിരിക്കണം
- സംരംഭകരാരും സംസ്ഥാന/കേന്ദ്ര ഗവൺമെന്റിന്റെ ഇപ്രകാരമുള്ള വേറെ സാമ്പത്തിക ഇളവുകളൊന്നും നേടിയവരാകരുത്.
- തെരഞ്ഞെടുക്കപ്പെട്ട സംരംഭകർ വായ്പയ്ക്ക് അപേക്ഷിക്കുമ്പോൾ വായ്പ അനുവദിക്കുന്നതിനാവശ്യമായ രേഖകൾ നൽകേണ്ടതാണ്. വായ്പ അനുവദിക്കൽ അതാതു ബാങ്ക്/ധനകാര്യ സ്ഥാപനത്തിന്റെ നിയമങ്ങൾക്ക് വിധേയമായിരിക്കും.

**ഈ പദ്ധതി പ്രകാരം ടെക്നോക്രാറ്റിന്റെ നിർവ്വചനം താഴെപ്പറയും പ്രകാരമാണ്.**

1. എഞ്ചിനീയറിംഗ് ബിരുദധാരികൾ
2. മൂന്നു വർഷത്തെ എഞ്ചിനീയറിംഗ് ഡിപ്ലോമയുള്ളവർ.
3. മൃഗഡോക്ടർമാർ ഉൾപ്പെടെ വൈദ്യശാസ്ത്രരംഗത്തെ സമസ്തവിഭാഗം ഡോക്ടർമാർക്കും അവരവർക്ക് പ്രാവീണ്യമുള്ള പ്രവർത്തന മേഖലയിൽ സംരംഭങ്ങൾ തുടങ്ങാൻ.
4. ചാർട്ടേർഡ് അക്കൗണ്ടന്റും കോസ്റ്റ് & മാനേജ്മെന്റ് അക്കൗണ്ടന്റുകളും.
5. പ്രമുഖ സ്ഥാപനങ്ങളിൽ നിന്നുമുള്ള MBA ബിരുദധാരികൾ.

**യോഗ്യതയുള്ള പദ്ധതികൾ**

ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ അണു/സൂക്ഷ്മ സംരംഭമായി രജിസ്റ്റർ ചെയ്യപ്പെടാവുന്ന പുതിയ പദ്ധതികളാണ് പരിഗണിക്കുന്നത്. നല്ല കാർഷികാധിഷ്ഠിത പദ്ധതികളേയും പരിഗണിക്കുന്നതാണ്. വ്യാപാരം, ഗതാഗതം, ഫാമിംഗ്, മത്സ്യബന്ധനം തുടങ്ങിയവയ്ക്ക് വായ്പ അനുവദിക്കുന്നതല്ല.

**സാമ്പത്തിക സഹായം**

- ഒരു സംരംഭകന് 4 ലക്ഷം എന്ന പ്രകാരം പരമാവധി, ഗ്രൂപ്പിന് 20 ലക്ഷം.
- ടെക്നോക്രാറ്റുകൾക്ക് 10 ലക്ഷം.
- മോറട്ടോറിയം ഉൾപ്പെടെ 5 വർഷത്തെ തിരിച്ചടവ് കാലാവധി.
- ഒരു വർഷം വരെയുള്ള മോറട്ടോറിയം.
- പദ്ധതി വിഹിതത്തിന്റെ പത്തു ശതമാനമെങ്കിലും സംരംഭകർ കൊണ്ടുവരണം.

**വായ്പയുടെ ഈട്**

a. സംരംഭത്തിന്റെ മുഴുവൻ ആസ്തികളും ഈടായി നൽകണം.
b. എല്ലാ സംരംഭകരുടേയും വ്യക്തിപരമായ ആൾജാമ്യം നൽകണം.
c. (a) യും (b) യും കൂടാതെ താഴെപ്പറയുന്ന അധിക ജാമ്യവും നൽകണം.

(i) സംരംഭകഗ്രൂപ്പിലല്ലാത്ത രണ്ടോ അതിലധികമോ വ്യക്തികളുടെ ആൾജാമ്യം നൽകണം. ജാമ്യക്കാരുടെ ബാദ്ധ്യത അവരുടെ എണ്ണം നോക്കി നിജപ്പെടുത്തുന്നതായിരിക്കും.

(അല്ലെങ്കിൽ)

(ii) വായ്പ CGTMSE സ്കീമിൽ എടുക്കണം.

(അല്ലെങ്കിൽ)

(iii) ലോൺ തുകയുടെ 25% വില മതിപ്പുള്ള മറ്റു ജാമ്യവസ്തുക്കൾ നൽകണം.

സെക്ഷൻ ഓഫീസർ